Test Booklet No. **Test Booklet Code**

ML/LABIHE/6/21

A

MEDIUM : MALAYALAM + ENGLISH

നിർദ്ദേശങ്ങൾ
INSTRUCTIONS

1. ഈ ചോദ്യ പേപ്പർ ബുക്ക്ലെറ്റിൽ **നാല്** ഭാഗങ്ങളുണ്ട്. ഭാഗം ''എ'' ഗണിതത്തിൽ ഓരോന്നിനും 3 മാർക്ക് വീതമുള്ള 50 ചോദ്യങ്ങളും ഭാഗം ''ബി'' പൊതുവിജ്ഞാനം, ഭാഗം ''സി'' ഭാഷ, ഭാഗം ''ഡി'' ഇന്റലിജൻസ് എന്നിങ്ങനെ ഓരോ വിഭാഗത്തിലും 2 മാർക്ക് വീതമുള്ള 25 ചോദ്യങ്ങളും അടങ്ങിയിരിക്കുന്നു. ആകെ **300** മാർക്കിനുള്ള **125** ചോദ്യങ്ങളാണ് ഈ പേപ്പറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകേണ്ടതാണ്.
This Question Paper Booklet contains **four** Sections. Section "A" Mathematics contains 50 questions of 3 marks each. Section "B" General Knowledge, Section "C" Language and Section "D" Intelligence contain 25 questions of 2 marks per question. In all, the paper consists of **125** questions for a total of **300** marks. Answer all questions.

2. ഭാഗം "സി" നിർദ്ദിഷ്ട ഭാഷയിലുള്ളതും തെരഞ്ഞെടുത്ത ഭാഷയിൽ ശ്രമിക്കേണ്ടതുമാണ്, (പരീക്ഷാർത്ഥികൾ ഇംഗ്ലീഷ്, തമിഴ്, മലയാളം, തെലുങ്ക്, കന്നഡ, മറാത്തി, ഗുജറാത്തി, ഹിന്ദി, ഉറുദു, ഒഡിയ, ആസാമീസ്, പഞ്ചാബി, ബംഗാളി എന്നീ 13 ഭാഷകളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കേണ്ടതുണ്ട്.)
Section "C" is language specific and is to be attempted in the chosen language. (Candidates were required to choose any of the following 13 languages : English, Tamil, Malayalam, Telugu, Kannada, Marathi, Gujarati, Hindi, Urdu, Odiya, Assamese, Punjabi and Bengali.)

3. 2 മണിക്കൂർ 30 മിനിറ്റ് (150 മിനിറ്റ്) ആണ് ഈ പരീക്ഷയുടെ ദൈർഘ്യം.
The test is of 2 hours and 30 minutes (150 minutes) duration.

4. ഏതെങ്കിലും നിർദ്ദിഷ്ട ഭാഷകൾ തെരഞ്ഞെടുത്തവർക്കുള്ള ചോദ്യ പേപ്പർ ബുക്ക്ലെറ്റ് നിങ്ങളുടെ അഡ്മിറ്റ് കാർഡിൽ തെരഞ്ഞെടുത്ത ഭാഷയിലും ഇംഗ്ലീഷിലും ആയിരിക്കും. പരീക്ഷയിലെ ഒരു ചോദ്യത്തിന്റെ വിവർത്തനത്തിലും വാക്യഘടനയിലും എന്തെങ്കിലും അവ്യക്തത ഉണ്ടെങ്കിൽ, അതിന്റെ ഇംഗ്ലീഷ് പതിപ്പ് (ഭാഷാ വിഭാഗത്തിലെ ചോദ്യങ്ങൾ ഒഴികെ) ആയിരിക്കും അന്തിമമായി പരിഗണിക്കുക.

The Question Paper Booklet for those who opted for any of the specified languages would be in the language opted and indicated on the Admit Card and in English. In case of any ambiguity in translation/construction of a question in the exam, its English version (except for the Language section questions) shall be treated as final.

5. ഈ ചോദ്യ പേപ്പർ ബുക്ക്‌ലെറ്റിൽ **32** പേജുകളാണ് ഉള്ളത്. ചോദ്യ പേപ്പർ ബുക്ക്‌ലെറ്റിൽ പൂർണമായും എല്ലാ പേജുകളും അടങ്ങിയിട്ടുണ്ടെന്ന് ദയവായി പരിശോധിച്ച് ഉറപ്പാക്കുക.

The Question Paper Booklet is of **32** pages. Please check and ensure that the Question Paper Booklet is complete and contains all the pages.

6. എല്ലാ ചോദ്യങ്ങൾക്കും ഒഎംആർ (OMR) ഉത്തരക്കടലാസിൽ മാത്രം ഉത്തരം നൽകുക.

Answer all questions in the OMR Answer Sheet only.

7. ഒഎംആർ (OMR) ഉത്തരക്കടലാസ് ഈ ചോദ്യപേപ്പർ ബുക്ക്‌ലെറ്റിനുള്ളിലാണ് ഉള്ളത്. ചോദ്യപേപ്പർ ബുക്ക്‌ലെറ്റ് തുറക്കാൻ നിങ്ങളോട് നിർദ്ദേശിക്കുമ്പോൾ, ഒഎംആർ (OMR) ഉത്തരക്കടലാസ് പുറത്തെടുത്ത് വിശദാംശങ്ങൾ ശ്രദ്ധാപൂർവം നീല/കറുപ്പ് മഷി ബോൾ പോയിന്റ് പേന ഉപയോഗിച്ച് മാത്രം പൂരിപ്പിക്കുക.

The OMR Answer Sheet is inside this Question Paper Booklet. When you are directed to open the Question Paper Booklet, take out the OMR Answer Sheet and fill the particulars carefully with blue/black ball point pen only.

8. ഓരോ ചോദ്യത്തിനും ഒരു വൃത്തം മാത്രം കറുപ്പിക്കുക. ഒരു ചോദ്യത്തിന് നിങ്ങൾ ഒന്നിലധികം വൃത്തങ്ങൾ കറുപ്പിച്ചാൽ, നിങ്ങളുടെ ഉത്തരം തെറ്റായി കണക്കാക്കും.

Darken only one circle as your answer for each question. If you darken more than one circle for the same question, your answer will be treated as wrong.

9. തെറ്റായ ഉത്തരത്തിന് നെഗറ്റീവ് മാർക്ക് ഇല്ല.

There is no negative marking for a wrong answer.

10. ഒഎംആർ (OMR) ഉത്തരക്കടലാസിൽ അനാവശ്യ അടയാളങ്ങൾ ഉണ്ടാക്കുകയോ മടക്കുകയോ അല്ലെങ്കിൽ വികൃതമാക്കാൻ ശ്രമിക്കുകയോ അരുത്. അപ്രകാരം ചെയ്താൽ, നിങ്ങളുടെ ഒഎംആർ (OMR) ഉത്തരക്കടലാസ് മൂല്യനിർണയം ചെയ്യില്ല.

Do not make unnecessary marks on the OMR Answer Sheet or fold or attempt to deface it. If you do so, your OMR Answer Sheet will not be evaluated.

11. ഈ പേജിൽ വിശദാംശങ്ങളും ഉത്തരങ്ങളും എഴുതാൻ നീല/കറുപ്പ് മഷി ബോൾ പോയിൻറ് പേന മാത്രം ഉപയോഗിക്കുക. പെൻസിൽ ഉപയോഗിക്കരുത്.

Use Blue/Black Ball Point Pen only for writing particulars on this page and for writing answers. Do not use pencil.

12. റഫ് വർക്കുകൾ ചോദ്യപേപ്പർ ബുക്ക്ലെറ്റിൽ ഈ ആവശ്യത്തിനായി നൽകിയിരിക്കുന്ന സ്ഥലത്ത് മാത്രമായിരിക്കണം ചെയ്യേണ്ടത്. ഒഎംആർ (OMR) ഉത്തരക്കടലാസിൽ ചെയ്യരുത്.

Rough work is to be done on the space provided for this purpose in the Question Paper Booklet only and not on the OMR Answer Sheet.

13. പരീക്ഷ പൂർത്തിയായതിന് ശേഷം, റൂമിൽ/ഹാളിൽ നിന്ന് പുറത്തിറങ്ങും മുമ്പ് ഇൻവിജിലേറ്ററിന് ഒഎംആർ (OMR) ഉത്തരക്കടലാസ് കൈമാറണം.

On completion of the test, hand over the OMR Answer Sheet to the Invigilator before leaving the Room/Hall.

14. ഈ ചോദ്യപേപ്പർ ബുക്ക്ലെറ്റ് നിങ്ങൾക്ക് കൊണ്ടുപോകാൻ അനുവാദമുണ്ട്.

You are allowed to take away this Question Paper Booklet with you.

15. ഈ ബുക്ക്ലെറ്റിൻറെ കോഡ് **A** ആണ്. ഒഎംആർ (OMR) ഉത്തരക്കടലാസിൽ അച്ചടിച്ചിരിക്കുന്ന കോഡ് ഈ ചോദ്യപേപ്പർ ബുക്ക്ലെറ്റിലേതിന് സമാനമാണെന്ന് ഉറപ്പാക്കുക. പൊരുത്തക്കേടുണ്ടെങ്കിൽ, ചോദ്യപേപ്പർ ബുക്ക് ലെറ്റും ഒഎംആർ (OMR) ഉത്തരക്കടലാസും മാറ്റി നൽകാനായി കാര്യം ഉടനെ ഇൻവിജിലേറ്ററെ ധരിപ്പിക്കുക.

The CODE for this Booklet is **A**. Make sure that the CODE printed on the OMR Answer Sheet is the same as that on this Question Paper Booklet. In case of discrepancy, report the matter immediately to the Invigilator for replacement of both the Question Paper Booklet and the OMR Answer Sheet.

16. ഈ ചോദ്യപേപ്പർ ബുക്ക്ലെറ്റിൽ/ ഒഎംആർ (OMR) ഉത്തരക്കടലാസിൽ നിർദ്ദിഷ്ട സ്ഥലത്ത് ഒഴികെ മറ്റൊരിടത്തും നിങ്ങളുടെ റോൾ നമ്പർ എഴുതരുത്.

Do not write your Roll No. anywhere else except in the specified space in the Question Paper Booklet/OMR Answer Sheet.

17. ഒഎംആർ (OMR) ഉത്തരക്കടലാസിൽ എന്തെങ്കിലും തിരുത്തൽ നടത്താൻ വെളുത്ത ദ്രവം ഉപയോഗിക്കരുത്.

Do not use white fluid for carrying out any correction on the OMR Answer Sheet.

ഭാഗം എ / SECTION A

ഗണിതം / MATHEMATICS

1. ഏത് ക്രിയക്ക് കീഴിലാണ് അഖണ്ഡ സംഖ്യകൾ സംവൃതി പാലിക്കുന്നത്?

(1) വ്യവകലനം (2) ഹരണം

(3) ഗുണനം (4) ഇവയെല്ലാം

Whole numbers are closed under which operation ?

(1) Subtraction (2) Division

(3) Multiplication (4) All of these


2. 1 മില്യന്റെ അടുത്ത സംഖ്യ?

(1) 2 മില്യൺ (2) 1000001 (3) 100001 (4) 10001

The successor of 1 million is


(1) 2 million (2) 1000001 (3) 100001 (4) 10001

3. ഒരു സംഖ്യാ രേഖയിലെ O, U, S, V, R, X, W, T, P, Q ഒപ്പം Y എന്നീ ബിന്ദുക്കൾ സമദൂരത്തിലാണ്. നീളം OP യെ പ്രതിനിധീകരിക്കുന്ന ഭിന്നസംഖ്യ



(1) $\frac{1}{5}$ (2) $\frac{7}{5}$ (3) $\frac{4}{5}$ (4) $\frac{6}{5}$

The points O, U, S, V, R, X, W, T, P, Q and Y on the number line are equidistant. The fraction represented by length OP is



(1) $\frac{1}{5}$ (2) $\frac{7}{5}$ (3) $\frac{4}{5}$ (4) $\frac{6}{5}$

4. ഏതൊക്കെ രണ്ട് തുടർച്ചയായ പൂർണ സംഖ്യകൾക്കിടയിലാണ് $\frac{5}{7}$ എന്ന ഭിന്ന സംഖ്യ വരുന്നത്?

(1) 0 ഒപ്പം 1 (2) 5 ഒപ്പം 7 (3) 5 ഒപ്പം 6 (4) 6 ഒപ്പം 7

The two consecutive integers, between which the fraction $\frac{5}{7}$ lies, are

(1) 0 and 1 (2) 5 and 7 (3) 5 and 6 (4) 6 and 7

5. തന്നിരിക്കുന്നതിൽ ഏതാണ് ഏറ്റവും ചെറിയ ഭിന്നസംഖ്യ?

(1) $\frac{4}{5}$ (2) $\frac{5}{3}$ (3) $\frac{5}{6}$ (4) $\frac{5}{2}$

Which of the following is the smallest fraction ?

(1) $\frac{4}{5}$ (2) $\frac{5}{3}$ (3) $\frac{5}{6}$ (4) $\frac{5}{2}$

6. രണ്ട് സംഖ്യകളുടെ ഉ.സാ.ഘ.യും ല.സാ.ഗു.വും യഥാക്രമം 6–ഉം 864–ഉം ആണ്. ഒരു സംഖ്യ 96 ആണെങ്കിൽ, രണ്ടാമത്തെ സംഖ്യ കണ്ടെത്തുക

(1) 84 (2) 45 (3) 54 (4) 24

The HCF and LCM of two numbers are 6 and 864 respectively. If one number is 96, find the other number.

(1) 84 (2) 45 (3) 54 (4) 24

7. രണ്ട് സംഖ്യകളുടെ ഉ.സാ.ഘ. 12–ഉം അവയുടെ വ്യത്യാസം 12–ഉം ആണ്. ഇനി പറയുന്നവയിൽ ഏതാകാം ആ സംഖ്യകൾ?

(1) 84, 96 (2) 66, 78 (3) 70, 82 (4) 62, 78

The HCF of two numbers is 12 and their difference is 12. Which of the following can be the numbers ?

(1) 84, 96 (2) 66, 78 (3) 70, 82 (4) 62, 78

8. 9, 12, 15 എന്നിവ കൊണ്ടെല്ലാം ഹരിക്കാവുന്ന ഏറ്റവും ചെറിയ സംഖ്യ കണ്ടെത്തുക.

(1) 60 (2) 90 (3) 120 (4) 180

Find the smallest number that is divisible by each one of 9, 12 and 15.

(1) 60 (2) 90 (3) 120 (4) 180

9. ഒരു നിശ്ചിത ബ്രാൻഡ് സോപ്പ് പൌഡർ പായ്ക്കറ്റ് ഒന്നിന് ₹ 15 എന്ന നിരക്കിലാണ് വിൽക്കുന്നത്. ഇതിന്റെ ഒരു ഡസന് ₹ 144 ആണ് വില. 8 ഡസൻ പായ്ക്കറ്റുകളുടെ ശതമാനത്തിലെ ലാഭം എത്ര?

(1) 20 (2) 25 (3) 24 (4) 36

A certain brand of soap-powder is sold at ₹ 15 per packet. It costs ₹ 144 a dozen. What is the profit in percent on 8 dozen packets ?

(1) 20 (2) 25 (3) 24 (4) 36

10. 37, 56, 93 എന്നിവ കൊണ്ട് ഹരിക്കാവുന്നതും യഥാക്രമം 1, 2, 3 എന്നിങ്ങനെ ശിഷ്ടം ലഭിക്കുന്നതുമായ ഏറ്റവും വലിയ സംഖ്യ കണ്ടെത്തുക.

(1) 9 (2) 18 (3) 15 (4) 12

Find the greatest number that will divide 37, 56, 93 leaving remainder 1, 2 and 3 respectively.

(1) 9 (2) 18 (3) 15 (4) 12

11. 10 പുരുഷന്മാർക്ക് 4 ദിവസത്തിൽ ഒരു ജോലി ചെയ്യാൻ കഴിയുമെങ്കിൽ, 5 ദിവസത്തിൽ അതേ ജോലി പൂർത്തിയാക്കാൻ എത്ര പുരുഷന്മാർ വേണം?

(1) 10 (2) 8 (3) 40 (4) 12

If 10 men can do a piece of work in 4 days, how many men will be required to get the same work done in 5 days ?

(1) 10 (2) 8 (3) 40 (4) 12

12. 21 ആടുകൾ 15 പശുക്കളുടെയത്ര ഭക്ഷണം കഴിക്കും. എങ്കിൽ 35 പശുക്കളുടെയത്ര ഭക്ഷണം എത്ര ആടുകൾ കഴിക്കും?

(1) 38 (2) 49 (3) 37 (4) 41

21 goats eat as much as 15 cows. How many goats eat as much as 35 cows ?

(1) 38 (2) 49 (3) 37 (4) 41

13. ഒരു മെക്കാനിക്ക് 9 കാറുകൾ കൊണ്ട് ₹ 36,000 സമ്പാദിക്കും. ഒരു ദിവസം 27 കാറുകൾ ലഭിക്കുകയാണെങ്കിൽ, ഒരു ദിവസം അദ്ദേഹം എത്ര സമ്പാദിക്കും?

(1) ₹ 1,08,000 (2) ₹ 1,80,000

(3) ₹ 1,00,800 (4) ₹ 1,00,080

A mechanic earns ₹ 36,000 on 9 cars. How much will he earn in 1 day, if in a day he receives 27 cars ?

(1) ₹ 1,08,000 (2) ₹ 1,80,000

(3) ₹ 1,00,800 (4) ₹ 1,00,080

14. $x : y = 3 : 5$ എന്നാണെങ്കിൽ, $3x + 4y : 8x + 5y$ എന്നതിന്റെ അനുപാതം കണ്ടെത്തുക.

(1) 39 : 49 (2) 29 : 50

(3) 29 : 49 (4) 39 : 50

If $x : y = 3 : 5$, find the ratio $3x + 4y : 8x + 5y$.

(1) 39 : 49 (2) 29 : 50

(3) 29 : 49 (4) 39 : 50

15. 3, 18, m, 42 എന്നിവ അനുപാതത്തിലാണെങ്കിൽ m ന്റെ മൂല്യം കണ്ടെത്തുക.

(1) 6 (2) 54

(3) 7 (4) 252

Find the value of m, if 3, 18, m, 42 are in proportion.

(1) 6 (2) 54

(3) 7 (4) 252

16. ഒരു എൻസിസി ക്യാമ്പിൽ 1200 ട്രെയിനികൾ പങ്കെടുക്കുന്നുണ്ട്, അതിൽ 900 പേരെ റിപ്പബ്ലിക് ഡേ ക്യാമ്പിലേക്ക് തെരഞ്ഞെടുത്തു. തെരഞ്ഞെടുക്കപ്പെട്ടതും തെരഞ്ഞെടുക്കപ്പെടാത്തതുമായ കേഡറ്റുകളുടെ എണ്ണം തമ്മിലുള്ള അനുപാതം എത്ര?

(1) 300 : 120 (2) 4 : 1 (3) 3 : 1 (4) 120 : 130

In an NCC Camp, 1200 trainees are participating out of which 900 are selected for Republic Day Camp. What is the ratio between the number of selected and non-selected cadets ?

(1) 300 : 120 (2) 4 : 1 (3) 3 : 1 (4) 120 : 130

17. ഒരു കുട്ടി ₹ 450 ന് ഒരു പുസ്തകം വിൽക്കുകയാണെങ്കിൽ, അവന് 10% നഷ്ടം ഉണ്ടാകും. 10% ലാഭം നേടാൻ, വിൽപന വില എത്രയായിരിക്കണം?

(1) ₹ 500 (2) ₹ 600 (3) ₹ 550 (4) ₹ 525

If a boy sells a book for ₹ 450, he makes a loss of 10%. To gain 10%, what should be the selling price ?

(1) ₹ 500 (2) ₹ 600 (3) ₹ 550 (4) ₹ 525

18. ഒരാൾ ഒരു സ്പീക്കർ ₹ 7,500ന് 20% ലാഭത്തിലും മറ്റൊരു സ്പീക്കർ ₹ 8,100ന് 10% നഷ്ടത്തിലും വിൽക്കുന്നു. അയാളുടെ മൊത്തം നഷ്ടം അല്ലെങ്കിൽ ലാഭം കണ്ടെത്തുക.

(1) നഷ്ടം = ₹ 300 (2) നഷ്ടം = ₹ 350

(3) ലാഭം = ₹ 300 (4) ലാഭം = ₹ 350

A man sells one speaker for ₹ 7,500 at a profit of 20% and another speaker for ₹ 8,100 at a loss of 10%. Find his total loss or profit.

(1) Loss = ₹ 300 (2) Loss = ₹ 350

(3) Profit = ₹ 300 (4) Profit = ₹ 350

19. ലഘൂകരിക്കുക $(8 + 4 - 2) \times (17 - 12) \times 10 - 89 =$ _____ .

(1) 3950 (2) 411 (3) 412 (4) 3949

Simplify $(8 + 4 - 2) \times (17 - 12) \times 10 - 89 =$ _____ .

(1) 3950 (2) 411 (3) 412 (4) 3949

20. ലഘൂകരിക്കുക $0{\cdot}05 + 1{\cdot}5 \times 5 \div 10 \times 0{\cdot}5 =$ _____ .

(1) 4·25 (2) 42·5 (3) 0·425 (4) 0·42

Simplify $0{\cdot}05 + 1{\cdot}5 \times 5 \div 10 \times 0{\cdot}5 =$ _____ .

(1) 4·25 (2) 42·5 (3) 0·425 (4) 0·42

21. ലഘൂകരിക്കുക $7 + 5 - 2 \times (7 + 89) - 94 \div 2 + (33 \div 3 + 9 \times 2 - 7) \div 11 =$ _____ .

(1) 254 (2) – 225 (3) – 235 (4) 245

Simplify $7 + 5 - 2 \times (7 + 89) - 94 \div 2 + (33 \div 3 + 9 \times 2 - 7) \div 11 =$ _____ .

(1) 254 (2) – 225 (3) – 235 (4) 245

22. ഒരു ക്ലാസിലെ 20 ആൺകുട്ടികളുടെ ശരാശരി ഭാരം 160 കിലോഗ്രാമും ശേഷിക്കുന്ന 5 ആൺകുട്ടികളുടേത് 50 കിലോഗ്രാമുമാണ്. ആ ക്ലാസിലെ എല്ലാ ആൺകുട്ടികളുടെയും ശരാശരി ഭാരം കണ്ടെത്തുക.

(1) 138 kg (2) 183 kg (3) 140 kg (4) 150 kg

The average weight of 20 boys in a class is 160 kg and that of the remaining 5 boys is 50 kg. Find the average weight of all the boys in the class.

(1) 138 kg (2) 183 kg (3) 140 kg (4) 150 kg

23. ഒരു ഗ്രൂപ്പിലെ 7 വിദ്യാർത്ഥികൾ നേടിയ ശരാശരി മാർക്ക് 226 ആണ്. അവരിൽ ആറു പേർ നേടിയ മാർക്ക് യഥാക്രമം 340, 180, 260, 56, 275, 307 എന്നാണെങ്കിൽ, ഏഴാമത്തെ വിദ്യാർത്ഥി നേടിയ മാർക്ക് കണ്ടെത്തുക.

(1) 160 (2) 162 (3) 163 (4) 164

The average marks obtained by 7 students in a group is 226. If the marks obtained by six of them are 340, 180, 260, 56, 275 and 307 respectively, find the marks obtained by the seventh student.

(1) 160 (2) 162 (3) 163 (4) 164

24. ഒരു ലൈബ്രറിയിൽ ഞായറാഴ്ച ശരാശരി 510 സന്ദർശകരും മറ്റ് ദിവസങ്ങളിൽ 240 സന്ദർശകരും ഉണ്ടായിരിക്കും. ഞായറാഴ്ച ആരംഭിക്കുന്ന 30 ദിവസത്തെ ഒരു മാസത്തിൽ സന്ദർശകരുടെ ശരാശരി എണ്ണം എത്ര?

(1) 280 (2) 285 (3) 290 (4) 295

A library has an average of 510 visitors on Sundays and 240 on other days. The average number of visitors in a month of 30 days starting with Sunday is

(1) 280 (2) 285 (3) 290 (4) 295

25. ഒരു ബാറ്റ്സ്മാൻ 17 ആമത്തെ മത്സരത്തിൽ 87 റൺസ് നേടിയപ്പോൾ അദ്ദേഹത്തിന്റെ ശരാശരിയിൽ 3 വർദ്ധിച്ചു. 17 ആമത്തെ മത്സരത്തിനു ശേഷമുള്ള അദ്ദേഹത്തിന്റെ ശരാശരി കണ്ടെത്തുക.

(1) 36 (2) 37 (3) 38 (4) 39

A batsman makes a score of 87 runs in the 17^{th} match and thus increases his average by 3. Find his average after the 17^{th} match.

(1) 36 (2) 37 (3) 38 (4) 39

26. 1, 3, 5, 7, 9, 11, 13 എന്നതിന്റെ ശരാശരി?

(1) 7 (2) 8 (3) 7·5 (4) 8·5

Average of 1, 3, 5, 7, 9, 11, 13 is

(1) 7 (2) 8 (3) 7·5 (4) 8·5

27. y യുടെ x% 100 ഉം z ന്റെ y% 200ഉം ആണെങ്കിൽ, x-ഉം z-ഉം തമ്മിലുള്ള ബന്ധം കണ്ടെത്തുക.

(1) $z = x$ (2) $2z = x$

(3) $z = 2x$ (4) $z = 3x$

If x% of y is 100 and y% of z is 200, then find the relation between x and z.

(1) $z = x$ (2) $2z = x$

(3) $z = 2x$ (4) $z = 3x$

28. ഒരു സംഖ്യയുടെ അഞ്ചിൽ രണ്ടിന്റെ മൂന്നിലൊന്നിന്റെ നാലിലൊന്ന് 15 ആണ്. ആ സംഖ്യയുടെ 40% എത്രയായിരിക്കും?

(1) 140 (2) 150 (3) 180 (4) 200

One-fourth of one-third of two-fifth of a number is 15. What will be 40% of that number ?

(1) 140 (2) 150 (3) 180 (4) 200

29. 40 ന്റെ 15% ഒരു സംഖ്യയുടെ 25%–ത്തേക്കാൾ 2 വലുതാണെങ്കിൽ, ആ സംഖ്യ ഏത്?

(1) 14 (2) 16 (3) 18 (4) 20

If 15% of 40 is greater than 25% of a number by 2, then the number is

(1) 14 (2) 16 (3) 18 (4) 20

30. 700 ചതുരശ്ര മീറ്റർ പരപ്പളവും 25 മീറ്റർ വീതിയുമുള്ള ഒരു ദീർഘചതുരാകൃതിയിലുള്ള കളിസ്ഥലത്തിന്റെ സെന്റിമീറ്ററിലുള്ള നീളം കണ്ടെത്തുക.

(1) 28 (2) 280

(3) 2800 (4) 2500

Find the length of a rectangular playground in cm whose area is 700 sq.m and breadth is 25 m.

(1) 28 (2) 280

(3) 2800 (4) 2500

31. റീന ₹ 1,200 ന്റെ ഒരു വായ്പ സാധാരണ പലിശയിൽ പലിശ നിരക്കനുസരിച്ച് നിരവധി വർഷത്തേക്ക് എടുത്തു. വായ്പാ കാലാവധി കഴിഞ്ഞപ്പോൾ അവൾ ₹ 432 രൂപ പലിശയായി നൽകിയെങ്കിൽ, എത്രയായിരുന്നു പലിശ നിരക്ക്?

(1) 3·6 (2) 6

(3) 18 (4) 10

Reena took a loan of ₹ 1,200 with simple interest for as many years as the rate of interest. If she paid ₹ 432 as interest at the end of the loan period, what was the rate of interest ?

(1) 3·6 (2) 6

(3) 18 (4) 10

32. ക്ലോക്കിലെ സമയം 7·15 pm ആയിരിക്കുമ്പോൾ രൂപംകൊണ്ട കോണിന്റെ പേര് എഴുതുക.

(1) ന്യൂനകോൺ (2) മട്ടകോൺ

(3) ബൃഹ്ദ്കോൺ (4) നേർകോൺ

Write the name of the angle formed when the clock time is 7·15 pm.

(1) Acute angle (2) Right angle

(3) Obtuse angle (4) Straight angle

33. ചുവടെയുള്ള പട്ടികയിൽ കഴിഞ്ഞ വർഷം ന്യൂയോർക്ക് നഗരത്തിലുണ്ടായ ഏറ്റവും ഉയർന്ന താപനിലയാണ് കാണിക്കുന്നത്. ഈ പട്ടികയിലെ വിവരങ്ങൾ ഉപയോഗിച്ച് ഇനിപ്പറയുന്നവയ്ക്ക് ഉത്തരം നൽകുക:

കഴിഞ്ഞ വർഷം ന്യൂയോർക്ക് നഗരത്തിൽ മേയ്, ജൂലൈ, സെപ്റ്റംബർ എന്നീ മുന്ന് മാസങ്ങളിലെ ശരാശരി ഏറ്റവും ഉയർന്ന താപനില (2 ദശാംശസ്ഥാനങ്ങൾ വരെ) എത്രയായിരുന്നു?

മാസം	ജനുവരി	മാർച്ച്	മേയ്	ജൂലൈ	സെപ്തംബർ	നവംബർ
ഏറ്റവും ഉയർന്ന താപനില °C–ൽ	3	9	21	29	24	11

(1) 21·65°C (2) 24·66°C (3) 25·52°C (4) 26·23°C

The table below shows the maximum temperatures in New York City last year. Use the information in this table and answer the following :

What was the average maximum temperature (upto 2 decimal places) of three months May, July and September last year in New York City ?

Month	Jan.	Mar.	May	Jul.	Sept.	Nov.
Maximum temperature, in °C	3	9	21	29	24	11

(1) 21·65°C (2) 24·66°C (3) 25·52°C (4) 26·23°C

34. രാവിലെ, താപനില – 10°C ആയിരുന്നു, വൈകുന്നേരത്തോടെ ഇത് 3 ഡിഗ്രി കുറഞ്ഞു. വൈകുന്നേരത്തെ താപനില എത്രയായിരുന്നു?

(1) – 7°C (2) – 23°C (3) – 13°C (4) – 12°C

In the morning, the temperature was – 10°C and it decreased 3 degrees by the evening. What was the temperature in the evening ?

(1) – 7°C (2) – 23°C (3) – 13°C (4) – 12°C

35. ഒരു ദീർഘചതുരാകൃതിയിലുള്ള പൂന്തോട്ടത്തിന് 185 മീറ്റർ നീളവും 220 മീറ്റർ വീതിയുമുണ്ട്. 4 മീറ്റർ ഏകീകൃത വീതിയിൽ അതിന്റെ മധ്യഭാഗത്ത് രണ്ട് റോഡുകൾ വീതമുണ്ട്, ഒന്ന് അതിന്റെ നീളത്തിന് സമാന്തരമായും മറ്റൊന്ന് അതിന്റെ വീതിക്ക് സമാന്തരമായുമാണ് ഉള്ളത്. റോഡുകൾ നിരപ്പാക്കുന്നതിനുള്ള ചെലവ് ചതുരശ്ര മീറ്ററിന് ₹ 1·25 എന്ന നിരക്കിൽ കണ്ടെത്തുക.

(1) ₹ 3,900 (2) ₹ 3,010 (3) ₹ 4,010 (4) ₹ 2,005

A rectangular garden is 185 m long and 220 m wide. It has two roads in its centre of uniform width of 4 m, one parallel to its length and the other parallel to its breadth. Find the cost of levelling the roads at ₹ 1·25 per sq.m.

(1) ₹ 3,900 (2) ₹ 3,010 (3) ₹ 4,010 (4) ₹ 2,005

36. ഒരു ഡെസിമീറ്റർ ഏതിന് തുല്യമാണ് ?

(1) 1×10^{-1} m (2) 1×10^{-2} m

(3) 1×10^{2} m (4) 1×10^{3} m

One decimeter is equal to

(1) 1×10^{-1} m (2) 1×10^{-2} m

(3) 1×10^{2} m (4) 1×10^{3} m

37. റോമൻ അക്കത്തിൽ ഒരു പ്രതീകം ആവർത്തിച്ചാൽ, അതിന്റെ മൂല്യം ഇരട്ടിയാകില്ല.

(1) ശരി (2) തെറ്റ്

(3) പറയാൻ കഴിയില്ല (4) രണ്ടും തുല്യം

In Roman numeration, if a symbol is repeated, its value is not multiplied as many times as it occurs.

(1) True (2) False

(3) Cannot say (4) Both are equal

38. ഒരു വൃത്തത്തിലെ ഏതൊരു ബിന്ദുവിലും ഒരു അർദ്ധവൃത്തത്തിന്റെ വ്യാസം കൊണ്ട് എതിരാക്കപ്പെടുന്ന കോൺ?

(1) 45° (2) 180°

(3) 90° (4) 60°

The angle subtended by the diameter of a semicircle on any point on the circle is

(1) 45° (2) 180°

(3) 90° (4) 60°

39. ഒരു വലിയ സമചതുരക്കട്ടയുടെ ഓരോ ഭാഗവും 44 സെ.മീ. വീതം ഉണ്ട്. 4 സെ.മീ. വീതം ഭാഗമുള്ള ചെറിയ സമചതുരക്കട്ടകൾ അതിൽ നിന്ന് മുറിച്ചെടുത്താൽ ചുരുങ്ങിയത് ഒരു സമചതുരക്കട്ടയ്ക്കു ചുറ്റും എത്ര ചെറിയ സമചതുരക്കട്ടകൾ ഉണ്ടായിരിക്കും?

(1) 888 (2) 729

(3) 164 (4) 33

A big cube has each portion of 44 cm. Tiny cubes of 4 cm portion each are cut from that. Then how many tiny cubes will be formed that are surrounded by at least one cube ?

(1) 888 (2) 729

(3) 164 (4) 33

40. 15 സെ.മീ. നീളവും 12 സെ.മീ. വീതിയും 8 സെ.മീ. ഉയരവുമുള്ള ഒരു ദീർഘചതുരാകൃത ടാങ്കിൽ പൂർണ്ണമായും വെള്ളം നിറച്ചിരിക്കുന്നു. ടാങ്കിലെ ജലത്തിന്റെ വ്യാപ്തം കണ്ടെത്തുക.

(1) $180\ cm^3$ (2) $1200\ cm^3$

(3) $440\ cm^3$ (4) $1440\ cm^3$

A rectangular tank 15 cm long, 12 cm wide and 8 cm high was completely filled with water. Find the volume of water in the tank.

(1) $180\ cm^3$ (2) $1200\ cm^3$

(3) $440\ cm^3$ (4) $1440\ cm^3$

41. ഏത് ഓപ്ഷനിലാണ് ഭിന്നങ്ങൾ ആരോഹണക്രമത്തിൽ ഉള്ളത്?

(1) $\frac{5}{8} < \frac{7}{12} < \frac{3}{4} < \frac{13}{16}$ (2) $\frac{5}{8} < \frac{7}{12} < \frac{13}{16} < \frac{3}{4}$

(3) $\frac{5}{8} < \frac{3}{4} < \frac{13}{16} < \frac{7}{12}$ (4) $\frac{7}{12} < \frac{5}{8} < \frac{3}{4} < \frac{13}{16}$

Which option shows fractions arranged in ascending order ?

(1) $\frac{5}{8} < \frac{7}{12} < \frac{3}{4} < \frac{13}{16}$ (2) $\frac{5}{8} < \frac{7}{12} < \frac{13}{16} < \frac{3}{4}$

(3) $\frac{5}{8} < \frac{3}{4} < \frac{13}{16} < \frac{7}{12}$ (4) $\frac{7}{12} < \frac{5}{8} < \frac{3}{4} < \frac{13}{16}$

42. 945·341 – 1042·792 + 875·435 + 31·025 ന്റെ മൂല്യം എത്രയാണ്?

(1) 908·004 (2) 810·008

(3) 795·659 (4) 809·009

What is the value of 945·341 – 1042·792 + 875·435 + 31·025 ?

(1) 908·004 (2) 810·008

(3) 795·659 (4) 809·009

43. യാത്രയിലുള്ള ഒരാൾ ആദ്യ 160 കി.മീ. മണിക്കൂറിൽ 64 കി.മീ. വേഗത്തിലും അടുത്ത 160 കി.മീ. മണിക്കൂറിൽ 80 കി.മീ. വേഗത്തിലും സഞ്ചരിക്കുന്നു. യാത്രയുടെ ആദ്യ 320 കി.മീ.യുടെ ശരാശരി വേഗത എത്ര?

(1) 35·55 km/hr (2) 36 km/hr

(3) 71·11 km/hr (4) 71 km/hr

A man on tour travels first 160 km at 64 km/hr and the next 160 km at 80 km/hr. The average speed for the first 320 km of the tour is

(1) 35·55 km/hr (2) 36 km/hr

(3) 71·11 km/hr (4) 71 km/hr

44. 2272–നെയും അതു പോലെ തന്നെ 875–നെയും ഒരു മൂന്നക്കസംഖ്യയായ N കൊണ്ട് ഹരിക്കുമ്പോൾ, ലഭിക്കുന്ന ശിഷ്ടം തുല്യമായിരിക്കും. N ലെ സംഖ്യകളുടെ ആകെത്തുക എത്ര?

(1) 10 (2) 11 (3) 12 (4) 13

On dividing 2272 as well as 875 by a 3-digit number N, we get the same remainder. The sum of the digits of N is

(1) 10 (2) 11 (3) 12 (4) 13

45. ജൂലിയക്ക് കുളിക്കാനും മുടി ചീകാനും വസ്ത്രങ്ങൾ ധരിക്കാനും $\frac{1}{2}$ മണിക്കൂറും പ്രാതൽ കഴിക്കാൻ $\frac{1}{4}$ മണിക്കൂറും വേണം. സ്കൂളിലേക്ക് ഒരുങ്ങാൻ ജൂലിയ എത്ര സമയം എടുക്കും?

(1) $\frac{3}{4}$ മണിക്കൂർ (2) 1 മണിക്കൂർ (3) $\frac{2}{4}$ മണിക്കൂർ (4) $\frac{5}{4}$ മണിക്കൂർ

It takes Julia $\frac{1}{2}$ hour to wash, comb her hair and put on her clothes and $\frac{1}{4}$ hour to have her breakfast. How much time does it take Julia to be ready for school ?

(1) $\frac{3}{4}$ hour (2) 1 hour (3) $\frac{2}{4}$ hour (4) $\frac{5}{4}$ hour

46. ഇനിപ്പറയുന്ന റോമൻ അക്കങ്ങളിലുള്ള സംഖ്യകളിൽ ഏതാണ് തെറ്റ്?

(1) LXII (2) XCI (3) LC (4) XLIV

Which of the following numbers in Roman Numerals is ***incorrect*** ?

(1) LXII (2) XCI (3) LC (4) XLIV

47. ഒരു ചതുരസ്തംഭത്തിന് എത്ര മുഖങ്ങളുണ്ട് ?

(1) 6 (2) 12 (3) 8 (4) 4

How many faces are there in a cuboid ?

(1) 6 (2) 12 (3) 8 (4) 4

48. എല്ലാ ദിശകളിലേക്കും അനന്തമായി നീളുന്ന പരന്ന പ്രതലം ആണ്

(1) തലം (2) രേഖ

(3) രേഖാഖണ്ഡം (4) ബിന്ദു

A flat surface which extends indefinitely in all directions is called a

(1) Plane (2) Line

(3) Line segment (4) Point

49. രണ്ട് പൂരക കോണുകൾ തമ്മിലുള്ള വ്യത്യാസം 10° ആണ്. രണ്ട് കോണുകളുടെയും മൂല്യങ്ങൾ കണക്കാക്കുക.

(1) 55°, 45° (2) 40°, 50°

(3) 50°, 60° (4) 100°, 90°

The difference between two complementary angles is 10°. Calculate the values of both the angles.

(1) 55°, 45° (2) 40°, 50°

(3) 50°, 60° (4) 100°, 90°

50. വഴുതന, വെണ്ടയ്ക്ക, ഉള്ളി എന്നിവയുടെ മൊത്തം ഭാരം 48·057 കിലോഗ്രാം ആണ്. വഴുതനയുടെയും വെണ്ടയ്ക്കയുടെയും ഭാരം യഥാക്രമം 5·35 കിലോഗ്രാമും 24·52 കിലോഗ്രാമും ആണെങ്കിൽ ഉള്ളിയുടെ ഭാരം കണ്ടെത്തുക.

(1) 17·187 kg (2) 18·187 kg

(3) 17·180 kg (4) 18·180 kg

The total weight of brinjal, lady-finger and onion is 48·057 kg. If brinjal and lady-finger weigh 5·35 kg and 24·52 kg respectively, find the weight of onion.

(1) 17·187 kg (2) 18·187 kg

(3) 17·180 kg (4) 18·180 kg

ഭാഗം ബി / SECTION B

പൊതുവിജ്ഞാനം / GENERAL KNOWLEDGE

51. ഏതാണ് വാഹനങ്ങളുടെ വേഗത അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം?

(1) ഗ്രാവോമീറ്റർ (2) സ്പീഡോമീറ്റർ

(3) ഗൈറോസ്കോപ്പ് (4) കിലോമീറ്റർ

Which device is used to measure the speed of vehicles ?

(1) Gravometer (2) Speedometer

(3) Gyroscope (4) Kilometer

52. ഏത് സ്മാരകത്തിൽ നിന്നാണ് ഇന്ത്യ ദേശീയ ചിഹ്നം സ്വീകരിച്ചത്?

(1) കപിലവസ്തു (2) ഹസ്തിനപുരം

(3) സാരനാഥ് (4) പാനിപ്പട്ട്

From which monument did India adopt its National Emblem ?

(1) Kapilavastu (2) Hastinapur

(3) Sarnath (4) Panipat

53. താഴെ തന്നിരിക്കുന്നവയിൽ ഏത് നൃത്തശൈലിയിൽ ആണ് കഥയും/ആശയവും എല്ലായ്പ്പോഴും മഹാഭാരതം ഒപ്പം രാമായണത്തിൽ നിന്നും എടുക്കുന്നത് ?

(1) മോഹിനിയാട്ടം (2) ഒഡിസ്സി

(3) ഭരതനാട്യം (4) കുച്ചിപ്പുടി

In which of the following styles of dance is the story/theme always taken from Mahabharata and Ramayana ?

(1) Mohiniattam (2) Odissi

(3) Bharatanatyam (4) Kuchipudi

54. നമ്മുടെ ദേശീയ കലണ്ടർ (ശക വർഷം) അടിസ്ഥാനമാക്കി മാസങ്ങൾ ശരിയായ ക്രമത്തിൽ ക്രമീകരിക്കുക – a- ചൈത്രം b-വൈശാഖം c-ജ്യേഷ്ഠ d-ആഷാഢം:

(1) abcd (2) bcda (3) dacb (4) cdab

Arrange the months based on our National Calendar (Saka Era) in correct serial order — a-Chaitra b-Vaishakha c-Jyaishtha d-Aashada :

(1) abcd (2) bcda (3) dacb (4) cdab

55. ഇനിപ്പറയുന്നവയിൽ ഏതാണ് ഒരു യുദ്ധവിമാനം?

(1) തേജസ് (2) ധ്രുവ്

(3) ബോയിങ്ങ് C–17 ഗ്ലോബ്മാസ്റ്റർ (4) ചേതക്

Which one of the following is a combat aircraft ?

(1) Tejas (2) Dhruv

(3) Boeing C-17 Globemaster (4) Chetak

56. ഇനിപ്പറയുന്നവയിൽ ഏത് കപ്പുകൾ/ട്രോഫികൾ ആണ് ഫുട്ബോളുമായി ബന്ധപ്പെട്ടിരിക്കുന്നത്?

(1) ഡേവിസ് കപ്പ് (2) ചാമ്പ്യൻസ് ട്രോഫി

(3) സന്തോഷ് ട്രോഫി (4) ദേവ്ധർ ട്രോഫി

Which of the following cups/trophies is associated with football ?

(1) Davis Cup (2) Champions Trophy

(3) Santosh Trophy (4) Deodhar Trophy

57. ഉറുമ്പുകൾ അവയുടെ ഗ്രൂപ്പിൽ നിന്നുള്ള ഉറുമ്പുകളെ എങ്ങനെയാണ് തിരിച്ചറിയുന്നത്?

(1) നിറം കൊണ്ട് (2) മുഖം കൊണ്ട്

(3) മണം കൊണ്ട് (4) ഉയരം കൊണ്ട്

How do ants recognize ants from their group ?

(1) By colour (2) By face

(3) By smell (4) By height

58. ഇനിപ്പറയുന്നവയിൽ ഏതാണ് പൗൾട്രി ഫാമുകളിൽ വളർത്തുന്നത്?

(1) ആട് (2) ചെമ്മരിയാട് (3) കോഴി (4) കുതിര

Which of the following is domesticated in poultry farms ?

(1) Goat (2) Sheep (3) Hen (4) Horses

59. _____ നാവിനെ ആവരണം ചെയ്തിരിക്കുകയും ഭക്ഷണത്തിലെ രാസവസ്തുക്കളോട് പ്രതികരിക്കുകയും ചെയ്യും

(1) രസമുകുളം (2) സ്ഫിങ്ക്റ്ററുകൾ

(3) പല്ലുകൾ (4) ത്വക്ക്

The _____ cover the tongue and react to chemicals in food.

(1) Taste Buds (2) Sphincters

(3) Teeth (4) Skin

60. ഭക്ഷണങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ ഫ്രീസിങ്ങിന്റെ ധർമ്മം?

(1) ഭക്ഷ്യോൽപന്നം ദൃഢതയോടെ സൂക്ഷിക്കുന്നു

(2) ഭക്ഷണ രുചികൾ പുതുമയോടെ സൂക്ഷിക്കുന്നു

(3) സൂക്ഷ്മജീവികളുടെ വളർച്ച തടയുന്നു

(4) ഇവയൊന്നുമല്ല

What does freezing do when preserving foods ?

(1) Keeps the food product hard

(2) Keeps the flavours of the food fresh

(3) Stops growth of micro-organisms

(4) None of the above

61. മുരിങ്ങക്കായുടെയും മേപ്പിളിന്റെയും വിത്തുകൾ കാറ്റിലൂടെ ഏറെ ദൂരം സഞ്ചരിക്കുന്നതിന് കാരണം?

(1) ചിറകുള്ള വിത്തുകൾ

(2) വലുതും രോമാവൃതവുമായ വിത്തുകൾ

(3) നീണ്ടതും വരണ്ടതുമായ പഴങ്ങൾ

(4) മുള്ളുകൾ നിറഞ്ഞ വിത്തുകൾ

Seeds of drumstick and maple are carried over long distances by wind because they possess

(1) winged seeds.
(2) large and hairy seeds.
(3) long and ridged fruits.
(4) spiny seeds.

62. _____ എന്നത് രാജസ്ഥാനിലെ ഒരു പരമ്പരാഗത മഴവെള്ള സംഭരണ സമ്പ്രദായമാണ്.

(1) ടാൻക (2) ഖടിൻ (3) ബാവടി (4) കുവാം

_____ is a traditional rainwater harvesting technique of Rajasthan.

(1) Taanka (2) Khadin (3) Bavadi (4) Kuan

63. ഇനിപ്പറയുന്നവയിൽ ഏതാണ് വെള്ളത്തിൽ ലയിക്കുന്നത്?

(1) മണ്ണ് (2) ചോക്കു പൊടി

(3) പഞ്ചസാര (4) എണ്ണ

Which of the following will dissolve in water ?

(1) Soil (2) Chalk Powder

(3) Sugar (4) Oil

64. ഇനിപ്പറയുന്നവയിൽ ഏതാണ് ഒരു സാംക്രമിക രോഗം?

(1) പ്രമേഹം (2) ചിക്കൻ പോക്സ്

(3) അൽഷിമേഴ്സ് (4) അർബുദം

Which of the following is a communicable disease ?

(1) Diabetes (2) Chicken pox

(3) Alzheimer's (4) Cancer

65. മല കയറാൻ, നമ്മൾ

(1) മുന്നോട്ട് വളയണം (2) പിന്നോട്ട് വളയണം

(3) നേരെ നടക്കണം (4) നെടുങ്ങനെ നടക്കണം

To climb the mountains, we have to

(1) Bend forward (2) Bend backwards

(3) Walk straight (4) Walk sideways

66. പതിനെട്ടാം നൂറ്റാണ്ടിൽ രാജസ്ഥാനിലെ രജപുത്ര രാജാവ് സവായ് ജയ് സിംഗ് നിർമ്മിച്ച ജ്യോതിശാസ്ത്ര നിരീക്ഷണാലയത്തിൻറെ പേര് ?

(1) ചെങ്കോട്ട (2) ഖുത്ബ് മിനാർ

(3) ജന്തർ മന്തർ (4) താജ്മഹൽ

Name an astronomical observatory built in the 18th century by Rajput King Sawai Jai Singh of Rajasthan.

(1) Red Fort (2) Qutub Minar

(3) Jantar Mantar (4) Taj Mahal

67. _____ ൽ ആന്തരിക ശിലകൾ, ധാതുക്കൾ മുതലായവ ഉൾപ്പെടുന്നു.

(1) വായു മണ്ഡലം (2) ജൈവ മണ്ഡലം

(3) ഗോളാർധം (4) ഭൂമണ്ഡലം

_____ includes internal rocks, minerals, etc.

(1) Atmosphere (2) Biosphere

(3) Hemisphere (4) Geosphere

68. ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് മണ്ണിനടിയിലായ സസ്യങ്ങളുടെയും മൃഗങ്ങളുടെയും അവശിഷ്ടങ്ങൾ അറിയപ്പെടുന്നത്

(1) പൊട്ടൻഷ്യൽ റിസർവുകൾ (2) ഫോസിൽ ഇന്ധനം

(3) ബയോമാസ് ഇന്ധനം (4) ആനിമേറ്റ് പവർ

The remains of plants and animals that were buried millions of years ago are known as

(1) potential reserves (2) fossil fuels

(3) biomass fuel (4) animate power

69. _____ ന്റെ ജനപ്രിയ മധുര പലഹാരമാണ് രസഗുള.

(1) പശ്ചിമ ബംഗാൾ (2) പഞ്ചാബ്

(3) കേരളം (4) ഹിമാചൽ പ്രദേശ്

Rasgulla is a popular sweet of _____ .

(1) West Bengal (2) Punjab

(3) Kerala (4) Himachal Pradesh

70. ഇനിപ്പറയുന്നവയിൽ ഏതാണ് ഇന്ത്യയിലെ ഒരു ആദിവാസി സമൂഹം?

(1) പണ്ഡിറ്റുകൾ (2) ജാട്ട്

(3) ഭിൽ (4) പഞ്ചാബി

Which of the following is a tribal community of India ?

(1) Pandits (2) Jaat

(3) Bhil (4) Punjabi

71. എന്തിനാൽ നിർമ്മിക്കപ്പെട്ടവയാണ് മേഘങ്ങൾ ?

(1) മഞ്ഞ് (2) ധൂളി

(3) ജലത്തുള്ളികൾ (4) പുകമഞ്ഞ്

Clouds are mostly made of

(1) snow (2) dust

(3) water droplets (4) smog

72. ഇനിപ്പറയുന്ന രചനകളിൽ ഏതിനാണ് വാസ്ദേവ് മോഹിക്ക് 29–ആമത് സരസ്വതി സമ്മാൻ ലഭിച്ചത്?

(1) ലോസ്റ്റ് ചിൽഡ്രൻ ആർക്കൈവ് (2) ചെക്ക്ബുക്ക്

(3) ദി സ്ട്രേഞ്ചർ ഡയറീസ് (4) എ സോങ്ങ് ഫോർ എ ന്യൂ ഡേ

For which of the following works has Vasdev Mohi been awarded the 29th Saraswati Samman ?

(1) Lost Children Archive (2) Chequebook

(3) The Stranger Diaries (4) A Song for a New Day

73. ആരാണ് യുഎൻ പൊതുസഭയുടെ പ്രസിഡന്റായ ആദ്യ ഇന്ത്യൻ?

(1) നട്വർ സിംഗ് (2) വി.കെ. കൃഷ്ണ മേനോൻ

(3) ശ്രീമതി. വിജയ ലക്ഷ്മി പണ്ഡിറ്റ് (4) ശ്രീമതി. ഇന്ദിരാ ഗാന്ധി

Who was the first Indian to be the President of U.N. General Assembly ?

(1) Natwar Singh (2) V.K. Krishna Menon

(3) Smt. Vijaya Lakshmi Pandit (4) Smt. Indira Gandhi

74. മനുഷ്യ ശരീരത്തിൽ ഇനിപ്പറയുന്ന ഏതു ഭാഗത്താണ് വിയർപ്പ് ഗ്രന്ഥികളില്ലാത്തത്?

(1) ശിരോവൽക്കം (2) കക്ഷം

(3) ചുണ്ടുകൾ (4) ഉള്ളംകൈ

In which of the following parts of the human body are sweat glands absent ?

(1) Scalp (2) Armpits

(3) Lips (4) Palms

75. കംഗാരുക്കുഞ്ഞിനെ നമ്മൾ എന്താണ് വിളിക്കുന്നത്?

(1) ഫോൾ (2) കോൾട്ട്

(3) ജോയി (4) കബ്

What do we call the young one of a Kangaroo ?

(1) Foal (2) Colt

(3) Joey (4) Cub

ഭാഗം സി / SECTION C

ഭാഷ / LANGUAGE

(മലയാളത്തിൽ ഉത്തരം എഴുതുന്നവർക്ക് വേണ്ടി)

76. 'മാതുലൻ' ആരാണ് ?

(1) അച്ഛൻ (2) അമ്മാവൻ
(3) അനിയൻ (4) മുത്തച്ഛൻ

77. "ആസേതു ഹിമാചലം" എന്നതിന്റെ അർത്ഥം എന്താണ് ?

(1) ഹിമാലയത്തിലേക്ക് ഉള്ള ദൂരം
(2) ഹിമാലയത്തിൽ ഉള്ള പാലം
(3) ഉയരം കൂടിയ ഹിമാചലം
(4) കടൽ മുതൽ ഹിമാലയം വരെ

78. "കനിഷ്ഠപുത്രൻ" ആരാണ് ?

(1) ആദ്യത്തെ മകൻ (2) രണ്ടാമത്തെ മകൻ
(3) അവസാനത്തെ മകൻ (4) ദുഷ്ടനായ മകൻ

79. "രത്നച്ചുരുക്കം" എന്ന വാക്കിന്റെ അർത്ഥം എന്ത് ?

(1) ചെറിയ ഒരു രത്നം (2) പ്രധാനമായ രത്നം
(3) കാര്യമാത്രപ്രസക്തമായ ഭാഗം (4) രത്നം കവർച്ച ചെയ്യുക

80. "പുത്രസ്നേഹം" എന്നാൽ എന്ത് ?

(1) പുത്രന് പിതാവിനോടുള്ള സ്നേഹം
(2) പുത്രനോടുള്ള സ്നേഹം
(3) പുത്രന് മാതാവിനോടുള്ള സ്നേഹം
(4) ചെറിയ അളവിലുള്ള സ്നേഹം

താഴെ നൽകിയിരിക്കുന്ന ഖണ്ഡിക വായിച്ച് ഏറ്റവും ഉചിതമായ ഓപ്ഷൻ തെരഞ്ഞെടുത്തു കൊണ്ട് ചോദ്യങ്ങൾക്ക് (ചോ. 81–85) ഉത്തരങ്ങൾ നൽകുക:

എല്ലാ പൗരൻമാർക്കും തുല്യമായ അവകാശങ്ങൾ നൽകുന്ന ഭരണവ്യവസ്ഥയാണ് ജനാധിപത്യം. പുരാതന ഗ്രീസിലാണ് ജനാധിപത്യം ഉടലെടുത്തത്. അവിടത്തെ ഏതൻസ് റിപ്പബ്ലിക്കിൽ ആളുകൾക്ക് ഭ്രഷ്ട് കൽപ്പിച്ചു് നാടുകടത്തുന്ന ഒരു രീതി നിലനിന്നിരുന്നു. സാധാരണയിലും ഏറെയായി സമൂഹത്തിൽ ഒരു വ്യക്തി സ്വാധീനവും അധികാരവും ചെലുത്തുന്നത് തടയാനായാണ് ഈ നാടുകടത്തൽ ചെയ്തിരുന്നത്. ഏതൻസിലെ പ്രസിദ്ധനായ ഒരു പണ്ഡിതനായിരുന്നു അരിസ്റ്റഡസ്. "നീതിമാനായ അരിസ്റ്റഡസ്" എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ കഴിവും പ്രശസ്തിയും കാരണം സമൂഹത്തിൽ അരിസ്റ്റഡിസിന് ഏറെ സ്വാധീനം ഉണ്ടായിവന്നു.

അങ്ങനെയിരിക്കെ നാടുകടത്താനുള്ള ആളെ തിരഞ്ഞെടുക്കുന്ന സമയമായി. പൊട്ടിയ മൺപാത്രങ്ങളുടെ കഷണങ്ങളിൽ നാടുകടത്തേണ്ട ആളുടെ പേരെഴുതി എല്ലാ ഏതൻസ് പൗരന്മാരും വോട്ടു ചെയ്തു. വോട്ടെടുപ്പ്സ്ഥലത്ത് നിന്ന അരിസ്റ്റഡസിനെ എഴുത്തും വായനയും അറിയാത്ത ഒരു പൗരൻ സമീപിച്ചു. അദ്ദേഹം ആരാണെന്നറിയാതെ ആ പൗരൻ അരിസ്റ്റഡസ് എന്ന പേര് മൺപാത്രകഷണത്തിൽ എഴുതി നൽകാൻ ആവശ്യപ്പെട്ടു. എന്തിനാണ് അരിസ്റ്റഡസിനെ നാടുകടത്തണം എന്നു കരുതുന്നത് എന്ന് ചോദിച്ചപ്പോൾ ആ പൗരൻ പറഞ്ഞു. "അയാൾ ഒരു നീതിമാനും മിടുക്കനും ആണെന്ന് കേട്ട് മടുത്തു." ഒന്നും മിണ്ടാതെ അരിസ്റ്റഡസ് സ്വന്തംപേരെഴുതി നൽകി. വൈകാതെ അദ്ദേഹം നാടു കടത്തപ്പെടുകയും ചെയ്തു.

81. ജനാധിപത്യം ഉണ്ടായി വന്നത് എവിടെയാണ് ?
(1) ബാബിലോൺ (2) റോം (3) ഗ്രീസ് (4) പേർഷ്യ

82. പുരാതന ഏതൻസിൽ വ്യക്തികളെ നാടുകടത്തിയിരുന്നത് എന്തിനാണ് ?
(1) കുറ്റകൃത്യങ്ങൾക്ക് ഉള്ള ശിക്ഷയായി
(2) ചാരപ്രവൃത്തി ചെയ്തതിന്
(3) സമൂഹത്തിൽ അധികമായ സ്വാധീനം ചെലുത്തിയതിന്
(4) പകർച്ച വ്യാധി തടയാൻ

83. അരിസ്റ്റഡസ് എങ്ങനെ ആണ് അറിയപ്പെട്ടിരുന്നത് ?
(1) പണ്ഡിതൻ (2) ധീരൻ (3) നീതിമാൻ (4) കലാകാരൻ

84. നാടുകടത്താനുള്ള തിരഞ്ഞെടുപ്പ് നടത്തിയിരുന്നത് എന്തുപയോഗിച്ചാണ് ?
(1) പേപ്പർ (2) ചെമ്പുതകിട്
(3) താളിയോല (4) മൺപാത്രകഷണങ്ങൾ

85. അരിസ്റ്റഡസിനെതിരെ വോട്ട് ചെയ്ത എഴുത്തും വായനയും അറിയാത്ത പൗരന്റെ മനസിലെ വികാരം എന്താവാം ?
(1) ദേഷ്യം (2) അസൂയ (3) ആരാധന (4) സൗഹൃദം

86. താഴെകൊടുത്തിരിക്കുന്ന വാക്കുകൾ ഉപയോഗിച്ച് വാക്യം നിർമ്മിക്കുന്നതിന്റെ ശരിയായ ക്രമം ഏത് ?
വിള / മഴ / നശിച്ചു / പെയ്തു
A B C D
(1) ACBD (2) BDAC (3) CABD (4) DABC

87. താഴെകൊടുത്തിരിക്കുന്ന വാക്കുകൾ ഉപയോഗിച്ച് വാക്യം നിർമ്മിക്കുവാൻ ഉള്ള ശരിയായ ക്രമം ഏതാണ് ?
ചെളിയായി / അവന്റെ / ഉടുപ്പിൽ / പുത്തൻ
A B C D
(1) BCDA (2) DCBA (3) BDCA (4) ABDC

88. "അഹംഭാവം" എന്ന വാക്കിലെ "അഹം" എന്താണ് ?
(1) മോശം (2) ദേഷ്യം (3) ഞാൻ (4) ഉയർന്ന

89. താഴെ പറയുന്നതിൽ ഗദ്യം അല്ലാത്തത് ഏത് ?
(1) കഥ (2) ഉപന്യാസം (3) നോവൽ (4) മഹാകാവ്യം

90. താമര എന്നർത്ഥം വരുന്ന വാക്ക് / വാക്കുകൾ ഏത് ?
(1) പാരിജാതം (2) രാജീവം
(3) മാലതീലത (4) മേൽപ്പറഞ്ഞതെല്ലാം

91. 'ശ്വേതം' എന്ന വാക്കിന്റെ അർത്ഥം ?
(1) കുതിര (2) ദുഖം (3) വെളുപ്പ് (4) ഇരുട്ട്

92. താഴെ പറയുന്നതിൽ ഋതുവിന്റെ പേരല്ലാത്തത് ഏത് ?
(1) ഹേമന്തം (2) ആഷാഡം (3) ശിശിരം (4) ഗ്രീഷ്മം

93. 'നായകൻ' എന്ന പദത്തിന്റെ സ്ത്രീലിംഗ ശബ്ദം എന്താണ് ?
(1) നായകി (2) നായിക (3) നായികി (4) നടി

94. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പദം ഏത് ?
(1) വിദ്യാർത്ഥി (2) വിധ്യാർത്ഥി
(3) വിദ്ധ്യാർത്ഥി (4) വിധ്യാർത്ഥി

95. രാജ്യം + അതിർത്തി _____ ?
(1) രാജ്യതിർത്തി (2) രാജ്യാതിർത്തി
(3) രാജ്യർത്തി (4) രാജ്യാത്തിർത്തി

96. പിരിച്ചെഴുതുക 'തിരുവടികൾ'
(1) തിരു + വടികൾ (2) തിരു + അടികൾ
(3) തിരുവടി + കൾ (4) തിർ + വടി + കൾ

97. "കറുത്ത പൂച്ച പാൽകുടിച്ചു" എന്ന വാക്യത്തിലെ ക്രിയാപദം ഏത് ?
(1) കറുത്ത (2) പാൽ (3) പൂച്ച (4) കുടിച്ചു

98. തുടക്കത്തിൽ "വി" ചേർത്താൽ വിപരീതാർത്ഥം വരുന്ന പദം ഏത് ?
(1) കൃതി (2) നായകൻ (3) സ്ഥോടനം (4) സ്മൃതി

99. "ധ്വജം" എന്ന വാക്കിന്റെ അർത്ഥമെന്ത് ?
(1) കൊടി (2) വില്ല് (3) രഥം (4) അമ്പ്

100. കുരങ്ങന്റെ പര്യായം അല്ലാത്തത് ഏത് ?
(1) കപി (2) മർക്കടൻ (3) പികം (4) വാനരൻ

ഭാഗം ഡി/ SECTION D
ഇൻറലിജൻസ് / INTELLIGENCE

101. തന്നിരിക്കുന്ന ശ്രേണിയിൽ അടുത്തതായി വരുന്നത്?

A, C, F, H, K, M, ...

(1) N (2) Y (3) P (4) M

What comes next in the given series ?

A, C, F, H, K, M, ...

(1) N (2) Y (3) P (4) M

102. രാഹുൽ നേരെ കിഴക്കോട്ട് നടക്കാൻ തുടങ്ങി. അവൻ ഒരു നിശ്ചിത ദൂരം നടന്ന് വലതു വശത്തേക്ക് തിരിഞ്ഞ് വീണ്ടും നടക്കുന്നു. അവൻ ഇപ്പോൾ ഏത് ദിശയിലേക്കാണ് പോകുന്നത്?

(1) വടക്ക് (2) കിഴക്ക് (3) തെക്ക് (4) പടിഞ്ഞാറ്

Rahul started walking straight towards East. He walks a certain distance and then turns towards his right and walks again. In which direction is he heading now ?

(1) North (2) East (3) South (4) West

103. തന്നിരിക്കുന്ന ഓപ്ഷനുകളിൽ ജോഡി അല്ലാത്ത ഒന്ന് തെരഞ്ഞെടുക്കുക.

(1) ബംഗ്ലാദേശ് : ടക്ക (2) ബ്രസീൽ : റിയൽ

(3) സൈപ്രസ് : ഡോളർ (4) ഇറാൻ : റിയാൽ

From the given options, choose the odd one out.

(1) Bangladesh : Taka (2) Brazil : Real

(3) Cyprus : Dollar (4) Iran : Rial

104. താനിയ എറിക്കിനേക്കാൾ മൂത്തതാണ്.

ക്ലിഫ് താനിയയേക്കാൾ മൂത്തതാണ്.

എറിക്ക് ക്ലിഫിനേക്കാൾ മൂത്തതാണ്.

ആദ്യത്തെ രണ്ട് പ്രസ്താവനകൾ ശരിയാണെങ്കിൽ, മൂന്നാമത്തെ പ്രസ്താവന?

(1) ശരി (2) തെറ്റ് (3) അനിശ്ചിതം (4) ഇവയൊന്നുമല്ല

Tanya is older than Eric.

Cliff is older than Tanya.

Eric is older than Cliff.

If the first two statements are true, the third statement is

(1) True (2) False (3) Uncertain (4) None of these

105. ചോദ്യചിഹ്നത്തിന്റെ സ്ഥാനത്ത് വരുന്നത്?

10, 100, 200, 310, ?

(1) 420 (2) 410 (3) 430 (4) 400

What will come at the place of the question mark ?

10, 100, 200, 310, ?

(1) 420 (2) 410 (3) 430 (4) 400

106. Bയുടെ സഹോദരിയാണ് A. Bയുടെ അമ്മയാണ് C. Cയുടെ അച്ഛനാണ് D. Dയുടെ അമ്മയാണ് E. എങ്കിൽ A എങ്ങനെയാണ് Dയുമായി ബന്ധപ്പെട്ടിരിക്കുന്നത്?

(1) മുത്തച്ഛൻ (2) മുത്തശ്ശി

(3) മകൾ (4) പേര മകൾ

A is B's sister. C is B's mother. D is C's father. E is D's mother. Then how is A related to D ?

(1) Grandfather (2) Grandmother

(3) Daughter (4) Grand-daughter

107. ഒരു പ്രത്യേക കോഡ് ഭാഷയിൽ, COMPUTER എന്നത് RFUVQNPC എന്നാണ് എഴുതുന്നത്. അതേ കോഡ് ഭാഷയിൽ MEDICINE എന്ന് എഴുതും?

(1) MFEDJJOE (2) EOJDEJFM

(3) MFEJDJOE (4) EOJDJEFM

In a certain code language, COMPUTER is written as RFUVQNPC. How will MEDICINE be written in that code language ?

(1) MFEDJJOE (2) EOJDEJFM

(3) MFEJDJOE (4) EOJDJEFM

108. തെക്ക്–കിഴക്ക് വടക്ക് ആകുകയും, വടക്ക്–കിഴക്ക് പടിഞ്ഞാറാകുകയും ഇതേ രീതിയിൽ ദിശകൾ മാറിക്കൊണ്ടേയിരിക്കുകയും ചെയ്താൽ, പടിഞ്ഞാറ് എന്ത് ആകും?

(1) വടക്ക്–കിഴക്ക് (2) വടക്ക്–പടിഞ്ഞാറ്

(3) തെക്ക്–കിഴക്ക് (4) തെക്ക്–പടിഞ്ഞാറ്

If South-East becomes North, North-East becomes West and so on, what will West become ?

(1) North-East (2) North-West

(3) South-East (4) South-West

109. 45 വിദ്യാർത്ഥികളുള്ള ഒരു ക്ലാസ്സിൽ, മുകളിൽ നിന്ന് അമീറിന്റെ റാങ്ക് 16 ആണ്. അമീറിനെക്കാൾ 6 റാങ്ക് താഴെയാണ് അശോക്. എത്രയാണ് താഴെ നിന്ന് അശോകിന്റെ റാങ്ക്?

(1) 23^{rd} (2) 32^{nd} (3) 24^{th} (4) 30^{th}

In a class of 45 students, Amir's rank from the top is 16^{th}. Ashok is 6 ranks below Amir. What is Ashok's rank from the bottom ?

(1) 23^{rd} (2) 32^{nd} (3) 24^{th} (4) 30^{th}

110. തന്നിരിക്കുന്ന അക്ഷര ശ്രേണിയിലെ വിട്ടുപോയ ഭാഗങ്ങളിൽ അനുക്രമമായി സ്ഥാപിക്കുമ്പോൾ ഏത് കൂട്ടം അക്ഷരങ്ങളാണ് അത് പൂർത്തിയാക്കുന്നത്?

_ ab _ b _ aba _ _ abab.

(1) abbaa (2) bbaab (3) abaab (4) aaaba

Which one set of letters when sequentially placed at the gaps in the given letter series shall complete it ?

_ ab _ b _ aba _ _ abab.

(1) abbaa (2) bbaab (3) abaab (4) aaaba

111. ഈ ശ്രേണി നോക്കുക : 2, 1, (1/2), (1/4), ...

ഏതായിരിക്കണം അടുത്തതായി വരേണ്ട സംഖ്യ?

(1) 1/3 (2) 1/8 (3) 2/8 (4) 1/16

Look at this series : 2, 1, (1/2), (1/4), ...

What number should come next ?

(1) 1/3 (2) 1/8 (3) 2/8 (4) 1/16

112. സമാന ബന്ധമുള്ള ശരിയായ ഒന്ന് തെരഞ്ഞെടുക്കുക.

SCD, TEF, UGH, _____, WKL

(1) CMN (2) UJI (3) VIJ (4) IJT

Choose the correct alternative that has the same relation.

SCD, TEF, UGH, _____, WKL

(1) CMN (2) UJI (3) VIJ (4) IJT

113. 'WAY' എന്നത് 679 എന്നും 'MAY' എന്നത് 579 എന്നും ആണ് കോഡ് ചെയ്തിരിക്കുന്നതെങ്കിൽ, 'YAW' എങ്ങനെ കോഡ് ചെയ്യും ?

(1) 976 (2) 769 (3) 679 (4) 579

If 'WAY' is coded as 679, 'MAY' is coded as 579, then 'YAW' will be coded as

(1) 976 (2) 769 (3) 679 (4) 579

114. '+' എന്നാൽ ''ന്യൂനവും'', '–' എന്നാൽ ''ഗുണനവും'', '×' എന്നാൽ ''സങ്കലനവും'' ആണെങ്കിൽ, $10 \times 5 + 3 - 2$?

(1) 24 (2) 52 (3) 9 (4) 10

If '+' means "Minus", '–' means "Multiply", '×' means "Add", then what is the value of $10 \times 5 + 3 - 2$?

(1) 24 (2) 52 (3) 9 (4) 10

115. ശരിയാക്കുക : തയ്യൽ : : തിരുത്തുക : _____

(1) കളങ്കം (2) കേടുപാട് തീർക്കുക

(3) കയ്യെഴുത്തുപ്രതി (4) തൽക്കാലോപയോഗം

mend : sewing : : edit : _____

(1) darn (2) repair

(3) manuscript (4) makeshift

116. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

കടിഞ്ഞാൺ : കുതിര : : കൺട്രോൾ പാനൽ : _____

(1) പൈലറ്റ് (2) ബിറ്റ് (3) വിമാനം (4) റൈഡർ

Fill in the blank.

rein : horse : : control panel : _____

(1) pilot (2) bit (3) plane (4) rider

117. ഈ കൂട്ടത്തിൽ ചേരാത്ത വാക്ക് തെരഞ്ഞെടുക്കുക.

(1) എം എസ് പെയിൻറ് (2) ഫേസ്ബുക്ക്

(3) വാട്സ്ആപ്പ് (4) ട്വിറ്റർ

Choose the word which is least like the words in the group.

(1) MS Paint (2) Facebook

(3) WhatsApp (4) Twitter

118. അടിവരയിട്ട വാക്കിൻറെ അനിവാര്യ ഭാഗമായ വാക്ക് തെരഞ്ഞെടുക്കുക.


ഗിത്താർ

(1) ബാൻഡ് (2) ടീച്ചർ (3) ഗാനങ്ങൾ (4) സ്ട്രിങ്ങ്സ്




Choose the word that is a necessary part of the underlined word.


Guitar

(1) Band (2) Teacher (3) Songs (4) Strings




119. 

ഏറ്റവും അനുയോജ്യമായ ഒന്ന് തെരഞ്ഞെടുത്ത് രണ്ടാമത്തെ ജോഡി പൂർത്തിയാക്കുക.

(1)  (2)  (3)  (4) 



Complete the second pair by selecting the appropriate alternative.

(1)  (2)  (3)  (4) 


120. ഒരാൾ 6 കിലോമീറ്റർ തെക്കോട്ട് നടന്ന ശേഷം ഇടത്തോട്ട് തിരിയുകയും വീണ്ടും 4 കിലോമീറ്റർ നടക്കുകയും വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 5 കിലോമീറ്റർ നടക്കുകയും ചെയ്തു. അയാൾ ഇപ്പോൾ ഏത് ദിശയ്ക്ക് അഭിമുഖമായാണ് ഉള്ളത്?

(1) തെക്ക് (2) വടക്ക് (3) കിഴക്ക് (4) പടിഞ്ഞാറ്

A man walks 6 km south, turns left and walks 4 km, again turns left and walks 5 km. Which direction is he facing now ?

(1) South (2) North (3) East (4) West


121. ചോദ്യചിഹ്നത്തിൻറെ സ്ഥാനത്ത് വരേണ്ട അക്ഷരം ഏതാണ്?



(1) N (2) O

(3) P (4) M

Which letter replaces the question mark ?



(1) N (2) O

(3) P (4) M

122. പുരോഹിതൻ ഭക്തനോട് പറഞ്ഞു, ''കൃത്യം 45 മിനിറ്റ് ഇടവേളകളിൽ മണി മുഴങ്ങും. അവസാനം മണി മുഴങ്ങിയത് 5 മിനിറ്റ് മുമ്പാണ്. അടുത്ത മണി മുഴങ്ങുന്നത് രാവിലെ 7:45–നാണ്.'' ഈ വിവരങ്ങൾ പുരോഹിതൻ ഭക്തനോട് പറഞ്ഞ സമയം എത്ര?

(1) 6:55 am (2) 7:00 am


(3) 7:05 am (4) 7:40 am

The priest told the devotee, "The bell rings at regular intervals of 45 minutes. The last bell rang 5 minutes ago. The next bell is due to be rung at 7:45 am." At what time did the priest give this information to the devotee ?

(1) 6:55 am (2) 7:00 am


(3) 7:05 am (4) 7:40 am

123. ചുവടെ നൽകിയിരിക്കുന്ന ചിത്രത്തിൽ എത്ര ത്രികോണങ്ങളുണ്ട്?



(1) 4 (2) 12 (3) 16 (4) 10

How many triangles are there in the figure given below ?



(1) 4 (2) 12 (3) 16 (4) 10

124. ഒരു കോഡിൽ, 'BOMBAY' എന്നത് 'CNNABX' എന്നാണ് കോഡ് ചെയ്തിരിക്കുന്നത്. എങ്കിൽ 'DELHI' എന്നത് എങ്ങനെ കോഡ് ചെയ്യും?

(1) EDMJG (2) GMDEJ

(3) DEGMJ (4) EDMGJ

In a code, 'BOMBAY' is coded as 'CNNABX', then what will be the code of 'DELHI' ?

(1) EDMJG (2) GMDEJ

(3) DEGMJ (4) EDMGJ

125. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

വേർപെടുത്തുക : ഒന്നാക്കുക : : കേടുപാട് തീർക്കുക : _____

(1) സമീപിക്കുക (2) തള്ളുക

(3) ഡാമേജ് (4) വഞ്ചിക്കുക

Fill in the blank.

segregate : unify : : repair : _____

(1) approach (2) push

(3) damage (4) outwit

റഫ് വർക്കിനുള്ള ഇടം

SPACE FOR ROUGH WORK

റഫ് വർക്കിനുള്ള ഇടം

SPACE FOR ROUGH WORK